മിസ്റ്റർ കെ. ഐ. വേലായുധൻ: കൺട്രോളർ ആപ്പീസ്സിൽ ജോലി കൂടിയപ്പോൾ കൂടുതൽ ഉദ്യോഗസ്ഥന്മാരെ വെച്ചിട്ടുണ്ടോ ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഉവ്വ്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അതുപോലെ ട്രഷറിയിലും ഉദ്യോഗസ്ഥന്മാരെ കൂട്ടിയിട്ടുണ്ടോ ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഉവ്വ്. സി. കെ. ട്രഷറിയിൽ ഒരു അസിസ്റ്റൻറും, ന അക്കൌണ്ടൻറും, തൃശ്ശിവപേരൂർ ട്രഷറിയിൽ ഒരു അസിസ്റ്റൻറും, ന അക്കൌണ്ടൻറും, മുകുന്ദപുരം ട്രഷറിയിൽ അക്കൌണ്ടൻറും, ഒരു ക്ലാർക്കും, തലപ്പിള്ളി ട്രഷറിയിൽ ഒരു അക്കൌണ്ടൻറും, ഒരു ക്ലാർക്കും കൂട്ടിയിട്ടുണ്ട്. ഇതുകൂടാതെ ഇനിയും കൂട്ടാൻ ആലോചനയുണ്ട്.

മിസ്റ്റർ കെ. ഐ. വേലായുധൻ: സമ്പ്രതിയുടെമേൽ എത്ര അധികാരികളുണ്ട്.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: രണ്ടുപേർ ഉണ്ട്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ആരെല്ലാമാണ്.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ? കണക്കിനെസംബന്ധിച്ചിടത്തോളം കൺട്രോളരും, മറ്റുകാര്യങ്ങളെസംബന്ധിച്ചിടത്തോളം ദിവാൻപേഷ്കാരും.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവരുടെ കാര്യം പറയേണ്ടിവരുമ്പോൾ അതു ഏതു് ഡിപ്പാർട്ടുമെൻറ ഹെഡ്ഡ് ആണ് ചെയ്യാറുള്ളതു് ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: സാധാരണ ദിവാൻപേഷ്കാരാണ് ചെയ്യാറ്. കൺട്രോളർ ചെയ്യാറില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ന്ന.ര-ൽ അവർക്ക് ഡ്യൂട്ടി അലവൻസു കൊടുക്കണമെന്നു പറഞ്ഞു് കൺട്രോളർ റക്കമെൻറു ചെയ്തിരുന്നല്ലോ. അതിനുശേഷം ഫ ഫ കൊല്ലത്തിനുള്ളിൽ അവരുടെ ജോലി പതിന്മടങ്ങു വർദ്ധിച്ചിട്ടില്ലേ ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: വർദ്ധിച്ചിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അങ്ങിനെ വർദ്ധിച്ചിട്ടുണ്ടെന്നു സമ്മതിക്കുന്ന സ്ഥിതിക്കു് പേയ്റിവിഷൻ കമ്മറ്റി എന്ന ഷെൽട്ടറിൻെറ പിന്നിൽ ഒളിച്ചു നില്ക്കാതെ മനുഷ്യത്വത്തോടുകൂടി, പണം സൂക്ഷിക്കുന്ന ഇവർക്ക്, അതിനു അപകടം വരാതിരിക്കാൻവേണ്ടിയെങ്കിലും എന്തെങ്കിലും കൂട്ടികൊടുക്കാമോ ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ന്ന.ര-നുശേഷം അവരുടെ പേയ് ഒരിക്കൽ റിവൈസ് ചെയ്തു. ഇനിയും കൂട്ടുന്നകാര്യം ആലോചനയിൽ ഇരിക്കുന്നുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇവിടത്തെ സമ്പ്രതിയുടെ ഇപ്പോഴത്തെ ശമ്പളമെന്താണ് ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: C. K ട്രഷറിയിലും തൃശ്ശിവപേരൂരിലും വ്യം മുതൽ ഫ ം ം വരെ ആണ്. ബാക്കിയുള്ളിടത്തു് ന ം—വ ം ക. ആണ്.

CHITTUR TALUK—SUGAR—DISTRIBUTION OF

166. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമൊ.—

(എ) ചിറ്റൂർ താലൂക്കിൽ ഒരു മാസത്തിൽ ഇപ്പോഴത്തെ റേഷൻ തോതുപ്രകാരം എത്ര പഞ്ചസാര വിതരണത്തിനു വേണ്ടിവരും;

(ബി) വിശേഷാൽ ആവശ്യത്തിനു എത്ര പഞ്ചസാര വീതം ഓരോ മാസത്തിൽ പ്രത്യേകം കൊടുത്തുവരാറുണ്ടു്;

(സി) ഫ ഫ ഫ-ൽ ഈ താലൂക്കിൽ എത്ര പഞ്ചസാര കോട്ട പ്രകാരം അനുവദിച്ചിട്ടുണ്ട്;

(ഡി) ഈ കോട്ട നിശ്ചയിച്ചിട്ടുള്ളതു് ജനസംഖ്യ അനുസരിച്ചാണൊ;

(ഇ) അല്ലെങ്കിൽ വല്ല പ്രത്യേക താല്പര്യത്തിന്മേലാണൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഫ നൂറ ചാക്ക്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സൂമാർ നമ്മ ചാക്ക പ്രത്യേക ആവശ്യത്തിന്ന കൊടുത്തുവരാവണ്ട്.

(സി) ൨,൫൭൦ ചാക്ക്.

(ഡി) ഏതാണ്ട് ജനസംഖ്യ അനുസരിച്ചാണ്.

(ഇ) മേൽകൊടുത്ത മറുപടികൊണ്ട് ഉത്തരം ആവശ്യമില്ല.

Mr. M. O. Thomakutty *(Commerce and Industry)*: May I know the present quota of sugar for this State in this year?

Mr. P. Govinda Menon *(Minister for Food and Education)*: 3,900 tons.

Mr. M. O. Thomakutty *(Commerce and Industry)*: What was it for the previous year?

Mr. P. Govinda Menon *(Minister for Food and Education)*: The same.

Mr. M. O. Thomakutty *(Commerce & Industry)*: What is the special reason for increasing the price?

Mr. P. Govinda Menon *(Minister for Food and Education)*: I do not think it arises from this question.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know with reference to the 35 bags whether this was given under permit for ten annas?

Mr. P. Govinda Menon *(Minister for Food and Education)*: It refers to last year, when there was no increase in the price.

COCOANUT CESS—COLLECTION OF

167. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ ദയവുണ്ടാകുമോ,—

(എ) (൧) ൧൯൫൭-ൽ ഏതുമാസംമുതലാണ് Cocoanut cess പിരിച്ചു തുടങ്ങിയത്; (൨) ഈ ഇനത്തിൽ കഴിഞ്ഞകൊല്ലം അവസാനംവരെ എത്ര പിരിഞ്ഞുകിട്ടിയിട്ടുണ്ട്; (൩) ഇതിൽ കൊടുങ്ങല്ലൂരിൽനിന്നും പിരിഞ്ഞുകിട്ടിയ സംഖ്യ എത്ര;

(ബി) (൧) ഗവൺമെണ്ടിന്റെ ഏതു വകുപ്പിലെ വരവിനത്തിലാണ് ഈ Cocoanut cess ഉൾപ്പെടുത്തുന്നത്; (൨) ഈ സെസ്സ് പിരിക്കുന്നതിന്ന് ഗവൺമെണ്ടിന്ന എന്തെങ്കിലും ചിലവു വരുന്നുണ്ടോ; (൩) ഉണ്ടെങ്കിൽ കഴിഞ്ഞ കൊല്ലത്തിൽ എങ്ങിനെ എത്ര ചിലവായി;

(സി) (൧) ഈ സെസ്സ് പിരിവുകൊണ്ട് ഗവൺമെണ്ട് വല്ല പ്രത്യേക കാര്യവും ഉദ്ദേശിച്ചിട്ടുണ്ടോ; (൨) അങ്ങിനെ വല്ലതും ഉണ്ടെങ്കിൽ അതിനെ അല്പമൊന്ന വിശദീകരിച്ച് മനസ്സിലാക്കുമോ;

(ഡി) കൊച്ചിയിൽ എത്ര ഓയിൽമില്ലുകൾ ഉണ്ട്; ൧൯൫൭-ൽ എല്ലാ മില്ലുകളിലുംകൂടി ആട്ടിയ കൊപ്ര എത്ര?

റാവുബഹദൂർ ടി. കെ. നായർ:

(എ) (൧) ൧൯൫൭ ധനുമാസംമുതൽ; (൨) ൧൯൫൭ കുംഭം അവസാനംവരെ ആകെ ഈ ഇനത്തിൽ ൫,൩൭,൩൩൫.൩൭ രൂപ പിരിഞ്ഞുകിട്ടിട്ടുണ്ട്; (൩) ൫൭,൩൭൯.൫൦ രൂപ.

(ബി) (൧) എക്സൈസ്സ് വകുപ്പിൽ; (൨) ഉവ്വ്; (൩) രണ്ട് സബ്ബ് ഇൻസ്പക്ടർമാർക്കും രണ്ട് പെറിഓപ്പീസ്സർമാർക്കും നാലു ശിപായിമാർക്കുംകൂടി ശമ്പളം, ബത്ത, ആപ്പീസ്സ് ചിലവുംപ്പെടെ ആകെ ൧൯൫൭-ൽ ൨,൪൭൩ രൂപ. ചിലവായിട്ടുണ്ട്. ഈ ചിലവുവരുന്ന സംഖ്യ കേന്ദ്രഗവൺമെണ്ടിൽനിന്ന് ഈ ഗവൺമെണ്ടിലേക്ക തരുന്നുണ്ട്.

(സി) (൧) ഉവ്വ്; (൨) കൊച്ചി ൧൯൫൦-ൽ IV-ാംആക്ടിന്റെ preamble-ൽ വിവരിച്ചിട്ടുള്ള ഉദ്ദേശത്തിന്നാണ് (കൊച്ചിരാജ്യത്ത് നാളികേരകൃഷി, വ്യവസായം, ഉപയോഗം ഇതുകൾ വർദ്ധിപ്പിക്കുവാൻവേണ്ടി).

(ഡി) (൧) ൪൦ മില്ലുകൾ; (൨) ൨,൨൭൦ ടൺ ൧൦ ശതമുള്ളതാകാം.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഒരു കൊല്ലത്തിൽ ൬ മാസംകൊണ്ട് കേരകൃഷിയിൽനിന്നും ൫,൩൭,൩൩൫.൩൭ രൂപ പിരിച്ചെടുത്തിട്ടുണ്ട്. അതിനുശേഷം ഇതുവരെ കേരകൃഷിക്കും, കേരവ്യവസായത്തിനും എന്തെല്ലാം പ്രോത്സാഹനങ്ങൾ ചെയ്തുകൊടുത്തു എന്നു പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: അതു ചെയ്യേണ്ടതു ഈ ഗവൺമെണ്ടല്ല; പിരിച്ചെടുക്കേണ്ട ചുമതലമാത്രമെ ഈ ഗവൺമെണ്ടിനുള്ളു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഈ സംഖ്യ പിരിച്ചു കൊടുക്കാൻ മാത്രമെ ഗവൺമെണ്ടിന ചുമതലയുള്ളു എന്നാണൊ പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly